സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ജൂൺ 6 ചൊവ്വ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


ഇന്ത്യയുടെ ആദ്യത്തെ അന്താരാഷ്ട്ര ക്രൂയിസ് കപ്പൽ എം.വി എംപ്രസ് ചെന്നൈ തുറമുഖത്ത് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ഫ്ളാഗ് ഓഫ് ചെയ്തപ്പോൾ

## ഇന്ത്യയുടെ ആദ്യത്തെ അന്താരാഷ്ട്ര ക്രൂയിസ് കപ്പൽ ഫ്ളാഗ് ഓഫ് ചെയ്തു; ആദ്യ യാത്ര ശ്രീലങ്കയിലേക്ക്

ചെന്നൈ: ഇന്ത്യയുടെ ആദ്യത്തെ അന്താരാഷ്ട്ര ക്രൂയിസ് കപ്പൽ ഫ്ളാഗ് ഓഫ് ചെയ്തു. 3000 യാത്രക്കാരെ ഉൾക്കൊള്ളാൻ ശേഷിയുള്ള എം.വി എംപ്രസ് ആണ് ചെന്നൈ തുറമുഖത്ത് നിന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ഫ്ളാഗ് ഓഫ് ചെയ്തത്. ചെന്നൈയിൽ നിന്ന് ശ്രീലങ്കയിലേക്കാണ് ആദ്യ യാത്ര. അഞ്ച് ദിവസം നീളുന്ന യാത്രയിൽ 750 ഓളം യാത്രക്കാരാണ് ആദ്യയാത്രയുടെ ഭാഗമായിരിക്കുന്നത്. ശ്രീലങ്കയിലെ ട്രൈക്കോൺമല്ലെ, ഹമ്പൻടോട്ട, ജാഫ്ന എന്നീ സ്ഥലങ്ങളെയാണ് ചെന്നൈയുമായി ബന്ധിപ്പിക്കുന്നത്. ചെന്നൈയെ ക്രൂയിസ് ടൂറിസത്തിന്റെ കേന്ദ്രമാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നതെന്ന് സർബാനന്ദ സോനോവാൾ വ്യക്തമാക്കി.

യാത്രക്കാർക്ക് വേണ്ടി നിരവധി ആകർഷണങ്ങളാണ് കപ്പലിനുള്ളിൽ ഒരുക്കിയിരിക്കുന്നത്. തൂത്തുക്കുടി തുറമുഖത്തിന്റെ വികസനവും എത്രയും വേഗം ഉറപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു.

2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ബി.ജെ.പി നടത്തുന്നതെന്ന പ്രതിപക്ഷ വിമർശനത്തേയും അദ്ദേഹം തള്ളി. വികസനം എല്ലാ സംസ്ഥാനങ്ങൾക്കും തുല്യമായാണ് ബി.ജെ.പി നൽകിക്കൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

## മണിപ്പൂരിൽ വീണ്ടും സംഘർഷം; വെടിവയ്പ്പിൽ

# മൂന്ന് പേർ കൊല്ലപ്പെട്ടു, നാല് പേർക്ക് പരുക്ക്

ന്യൂഡൽഹി: മണിപ്പൂരിൽ വീണ്ടും സംഘർഷം. ഇന്നലെ ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് പേർ കൊല്ലപ്പെടുകയും നാല് പേർക്ക് പരുക്കേൽക്കുകയും ചെയ്തു. കാങ്ചപ് ജില്ലയിലുണ്ടായ വെടിവയ്പ്പിലാണ് മൂന്ന് പേർ മരിച്ചതെങ്കിൽ കാക്ചിങ് ജില്ലയിലെ സെറോവിൽ രണ്ടു വിഭാഗങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിലാണ് നാല് പേർക്ക് പരുക്കേറ്റത്.

മണിപ്പൂരിലെ നാഗാ വിഭാഗം എം.എൽ.എമാരുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ചർച്ച നടത്താൻ ഇരിക്കെയാണ് വീണ്ടും സംഘർഷം ഉണ്ടായത്. സംഘർഷത്തിൽ പരുക്കേറ്റവരെ ഇംഫാലിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. പരുക്കേറ്റവരുടെ നില ഗുരുതരമല്ലെന്ന് അധികൃതർ അറിയിച്ചു. മെയ്തെയ് വിഭാഗത്തിന്റെ പട്ടിക വർഗ പദവിയുമായി ബന്ധപ്പെട്ട തർക്കമാണ് മണിപ്പൂരിൽ കലാപത്തിൽ കലാശിച്ചത്.

ഗോത്ര വിഭാഗങ്ങളും ഗ്രോത വിഭാഗങ്ങളല്ലാത്തവരും തമ്മിലുള്ള സംഘർഷമാണ് മണിപ്പൂരിൽ നടക്കുന്നത്. ജനസംഖ്യയുടെ 64 ശതമാനമത്തോളം വരുന്ന ഗ്രോത്രതര വിഭാഗമാണ് മെയ്തെയ്. ഇവർ ഭൂരിഭാഗവും ഹിന്ദു സമുദായത്തിൽപ്പെട്ടതാണ്. 35 ശതമാനത്തോളം വരുന്ന നാഗ, കുകി വിഭാഗത്തിലുള്ള ഗോത്ര വിഭാഗക്കാർ ഭൂരിഭാഗവും ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവരാണ്. തങ്ങളുടെ സാമൂഹിക പിന്നോക്കവസ്ഥ പരിഗണിച്ച് പട്ടിക വർഗ്ഗ പദവി വേണമെന്ന് മെയ്തെയ് വിഭാഗക്കാർ ദീർഘനാളായി ഉയർത്തുന്ന വിഷയമാണ്.

1949ൽ മണിപ്പൂർ ഇന്ത്യയോട് ചേരുന്നത് വരെ തങ്ങളെ ഗോത്രമായാണ് പരിഗണിച്ചിരുന്നതെന്നും എന്നാൽ അതിന് ശേഷം പദവി നഷ്ടമായെന്നും മെയ്തെയ് വാദിക്കുന്നു. എന്നാൽ ഇതിനെ നാഗ, കുക്കി വിഭാഗങ്ങൾ എതിർക്കുകയാണ്.

മെയ്തെയ് വിഭാഗത്തിന് 60 അംഗ നിയമസഭയിലെ 40 സീറ്റുകളിൽ പ്രാതിനിധ്യം ഉണ്ടെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു. മെയ്തെയ്ക്ക് പട്ടികവർഗ പദവി ലഭിക്കുമ്പോൾ തങ്ങളുടെ ജോലി സാധ്യത അടക്കം കുറയുമെന്നും നാഗ, കുകി വിഭാഗങ്ങൾ ആരോപിക്കുന്നു. വിവാദം ഇങ്ങനെ നിൽക്കെ അടുത്തിടെ ഇതിൽ മെയ്തെയ് വിഭാഗത്തെ പട്ടികവർഗ വിഭാഗത്തിൽപെടുത്താനുള്ള ആവശ്യത്തെ ഹൈക്കോടതി പിന്തുണച്ചു. അതിനായുള്ള നടപടികളെടുക്കാൻ സർക്കാരിനോട് ആവശ്യപ്പെടുകയു ചെയ്തു.

ഇതോടെ പ്രതിഷേധവുമായി നാഗ, കുകി വിഭാഗങ്ങൾ എത്തി. മെയ് മൂന്നിന് ട്രൈബൽ സ്റ്റുഡന്റ്സ് യൂണിയൻ നടത്തിയ പ്രതിഷേധപ്രകടനത്തിന് പിന്നാലെ ഇരു വിഭാഗങ്ങളും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടായി. നിരവധി വീടുകളും ആരാധാനാലയങ്ങളും വാഹനങ്ങളും അഗ്നിക്കിരയായി. വലിയ കലാപത്തിലേക്ക് കാര്യങ്ങൾ കടന്നതോടെ സംസ്ഥാനത്ത് സൈന്യത്തെയും ദ്രുത കർമ്മസേനയേയും നിയോഗിച്ചിരിക്കുകയാണ്.

# കോൺഗ്രസ് നേതാവിന്റെ കൊലപാതകക്കേസ്: യു.പി മുൻ എം.എൽ.എ മുക്താർ അൻസാരിക്ക് ജീവപര്യന്തം തടവ്

## ശിക്ഷ 32 വർഷം മുൻപത്തെ കൊലപാതകക്കേസിൽ

ലക്നൗ: ഉത്തർപ്രദേശിലെ മുൻ എം.എൽ.എയായിരുന്ന മുക്താർ അൻസാരിക്ക് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയും. 32 വർഷം മുൻപത്തെ കേസിലാണ് ശിക്ഷാ വിധി. മുൻ എം.എൽ.എയും കോൺഗ്രസ് നേതാവുമായ അജയ് റായിയുടെ സഹോദരൻ അവദേശ് റായിയെ കൊലപ്പെടുത്തിയ കേസിലാണ് വാരാണസി കോടതി ശിക്ഷ വിധിച്ചത്. കഴിഞ്ഞ മെയ് ഒൻപതിന് വാദം പൂർത്തിയായ കേസിൽ വിധി പറയാനായി ജൂൺ അഞ്ചിലേക്ക് മാറ്റുകയായിരുന്നു. നിരവധി കേസുകളിൽ പ്രതിയാണ് മുക്താർ അൻസാരി. കൊലപാതകം, തട്ടിക്കൊണ്ടുപോകൽ തുടങ്ങി നാൽപതോളം കേസുകൾ ഇയാളുടെ പേരിൽ നിലവിലുണ്ട്. ഗുണ്ടാ ഏറ്റുമുട്ടലുകളുമായി ബന്ധപ്പെട്ട കേസിൽ ഗാസിപുർ കോടതി കഴിഞ്ഞ ഡിസംബറിൽ മുക്താറിന് 10 വർഷത്തെ തടവുശിക്ഷ വിധിച്ചിരുന്നു. ഇതിൽ ജയിൽശിക്ഷ അനുഭവിച്ച് വരുന്നതിനിടെയാണ് പുതിയ കേസിലെ ശിക്ഷാ


യു.പി മുൻ എം.എൽ.എ മുക്താർ അൻസാരി (ഫയൽ ചിത്രം)

വിധി. 1991 ആഗസ്റ്റ് മൂന്നിനായിരുന്നു കേസിനാസ്പദമായ സംഭവം. വീടിന് പുറത്തുനിന്നിരുന്ന അവദേശ് റായിയെ വെടിവച്ച് കൊലപ്പെടുത്തുകയായിരുന്നു. സഹോദരന്റെ കൊലപാതകത്തിൽ മുക്താർ അൻസാരിക്ക് പങ്കുണ്ടെന്ന് ആരോപിച്ച് അജയ് റായ് ആണ് കേസ് നൽകിയത്. ഭീം സിങ്, മുൻ എം.എൽ.എ അബ്ദുൽ കലിം എന്നിവരും കേസിൽ പ്രതികളാണ്. അഞ്ചു തവണ എം.എൽ.എ ആയിരുന്നു മുക്താർ അൻസാരി. രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായായിട്ടായിരുന്നു കൊലപാതകമെന്ന് കോടതി കണ്ടെത്തിയിരുന്നു. തന്റെയും കുടുംബത്തിന്റെയും ഒരുപാട് വർഷത്തെ കാത്തിരിപ്പിനാണ് കോടതി വിധിയോടെ അവസാനമായിരിക്കുന്നതെന്ന് അജയ് റായ് പ്രതികരിച്ചു. "സർക്കാർ മാറി വന്നെങ്കിലും മുക്താർ ശക്തനാകുകയായിരുന്നു. എന്നാൽ വിട്ടുകൊടുക്കാൻ ഞങ്ങൾ തയ്യാറായിരുന്നില്ല" അദ്ദേഹം കൂട്ടിച്ചേർത്തു.


ഒഡീഷ ട്രെയിൻ അപകടത്തിൽ മരണപ്പെട്ടവരുടെ മൃതദേഹം തിരിച്ചറിയാനായി എത്തിയവരെ സഹായിക്കുന്ന പോലിസുകാരൻ

## ഒഡീഷ ട്രെയിൻ ദുരന്തം; തിരിച്ചറിയാത്ത മൃതദേഹങ്ങൾ ശീതീകരിച്ച കണ്ടെയ്നറുകളിൽ സൂക്ഷിക്കും, ഡി.എൻ.എ പരിശോധനയും നടത്തും

ന്യൂഡൽഹി: ഒഡീഷയിലെ ബാലസോറിലുണ്ടായ ട്രെയിൻ ദുരന്തത്തിൽ തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങൾ ദീർഘകാലത്തേക്ക് സൂക്ഷിക്കാൻ ശീതീകരിച്ച കണ്ടെയ്നറുകൾ സജ്ജമാക്കും. ഇതിനായി ഒഡീഷയിൽ നിന്ന് ധനേഷ് പാരദ്വീപ് പോർട്ട് ട്രസ്റ്റ് കണ്ടെയ്നറുകൾ നൽകും.

തിരിച്ചറിയാനായി ഡി.എൻ.എ പരിശോധന നടത്താൻ സർക്കാർ തീരുമാനിച്ചു. ഇതിനായി കാണാതായവരുടെ ബന്ധുക്കൾ പരിശോധനയ്ക്കായി ഡി.എൻ.എ സാമ്പിൾ നൽകണം എന്നാണ് അധികൃതർ അറിയിച്ചിരിക്കുന്നത്. ഭുവനേശ്വർ എംയിസിൽ ഡി.എൻ.എ പരിശോധനയ്ക്കുള്ള കേന്ദ്രം തുടങ്ങിയിട്ടുണ്ട്.

ഇതുവരെ 180 മൃതദേഹങ്ങളാണ് തിരിച്ചറിഞ്ഞത്. ഇതിൽ 150 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടു നൽകി. അപകടം നടന്ന് നാലാം ദിവസത്തിലും ബന്ധുക്കളെ തേടി ആശുപത്രിയിലേക്ക് നിരവധി പേർ എത്തുന്നുണ്ട്. തിരിച്ചറിയാത്ത മൃതദേഹങ്ങൾ നിലവിൽ ഭുവനേശ്വർ എയിംസ് അടക്കം ആറ് ആശുപത്രികളിലായാണ് സൂക്ഷിച്ചിരിക്കുന്നത്. ദുരന്തത്തിൽ അജ്ഞാതരെ പ്രതിയാക്കി കൊണ്ടാണ് റെയിൽവേ പോലിസിന്റെ എഫ്.ഐ.ആർ ഇട്ടിരിക്കുന്നത്. ബാലസോറിൽ സി.ബി.ഐ സംഘം ഇന്ന് പ്രാഥമിക പരിശോധന നടത്തും.

## മയക്കുമരുന്ന് നൽകി പെൺകുട്ടിയെ പീഡിപ്പിച്ച് ചുരത്തിൽ ഉപേക്ഷിച്ച കേസ്; പ്രതി പിടിയിൽ

കോഴിക്കോട്: കോളേജ് വിദ്യാർത്ഥിനിയെ പീഡിപ്പിച്ച് ചുരത്തിൽ ഉപേക്ഷിച്ച കേസിലെ പ്രതി പിടിയിൽ. തമിഴ്നാട് വച്ചാണ് പോലിസ് ഇയാളെ അറസ്റ്റ് ചെയ്തത്. വയനാട് കൽപ്പറ്റ സ്വദേശി ജിനാഫ് ആണ് പിടിയിലായത്.

താമരശ്ശേരി സ്വദേശിയായ പെൺകുട്ടിയെയാണ് ഇയാൾ പലസ്ഥലങ്ങളിൽ കൊണ്ടുപോയി പീഡിപ്പിച്ചതിന് ശേഷം താമരശ്ശേരി ചുരത്തിൽ കൊണ്ടുപോയി ഉപേക്ഷിച്ചത്. കോളേജിന്




അടുത്തുള്ള ഒരു വീട്ടിൽ പേയിങ് ഗസ്റ്റായി താമസിക്കുകയാണ് കുട്ടി. ക്ലാസിൽ വരാത്തതിനെ തുടർന്ന് കോളേജ് അധികൃതർ വീട്ടിൽ അന്വേഷിച്ചപ്പോൾ വീട്ടിലും എത്തിയിട്ടില്ലെന്ന് അറിയിച്ചതിനെ തുടർന്നാണ് പോലിസിൽ പരാതി നൽകിയത്.

പിന്നീട് പൊലീസ് അന്വേഷണത്തിൽ വ്യാഴാഴ്ച വൈകുന്നേരം താമരശ്ശേരി ചുരത്തിന്റെ 9-ാം വളവിൽ വച്ചാണ് കുട്ടിയെ കിട്ടയത്. മയക്കു മരുന്ന് നൽകി തന്നെ പീഡിപ്പിച്ചിരുന്നതായി പെൺകുട്ടി പോലിസിന് മൊഴി നൽകിട്ടുണ്ടായിരുന്നു.

## ലൈംഗികാരോപണ കേസിൽ അന്വേഷണസംഘം ബ്രിജ് ഭൂഷണിന്റെ വീട്ടിൽ; ബന്ധുക്കളുടേയും ജീവനക്കാരുടേയും മൊഴി രേഖപ്പെടുത്തി

ലക്നൗ: ലൈംഗികാരോപണ കേസിൽ ദേശീയ ഗുസ്തി ഫെഡറേഷൻ അധ്യക്ഷനും ബി.ജെ.പി എം.പിയുമായ ബ്രിജ് ഭൂഷണിന്റെ വീട്ടിലെത്തി ഡൽഹി പോലിസ്. ബ്രിജ് ഭൂഷണിനെതിരായ പരാതികളിൽ മൊഴി രേഖപ്പെടുത്താനാണ് ഉത്തർപ്രദേശിലെ ഗോണ്ടയിലുള്ള വസതിയിൽ പ്രത്യേക അന്വേഷണസംഘം എത്തിയത്.

12 പേരുടെ മൊഴി രേഖപ്പെടുത്തി. കൂടുതൽ അന്വേഷണത്തിനായി ഇവരുടെ തിരിച്ചറിയൽ രേഖകളും പോലിസ് ശേഖരിച്ചു. പ്രായപൂർത്തിയാകാത്ത ഗുസ്തി താരത്തിന്റെ പിതാവിന്റെ പരാതിയിൽ ഏപ്രിൽ 28ന് ബ്രിജ് ഭൂഷണിനെതിരേ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിരുന്നു. ആറ് ഗുസ്തി താരങ്ങളുടെ പരാതിയിൽ മറ്റൊരു എഫ്.ഐ.ആറും രജിസ്റ്റർ ചെയ്തു.

സുപ്രീം കോടതി ഉത്തരവിനെത്തുടർന്ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറുക



ളിൽ സ്ത്രീത്വത്തെ അപമാനിക്കൽ, ലൈംഗിക പീഡനം തുടങ്ങിയ ആരോപണങ്ങളാണുള്ളത്. ലൈംഗിക താൽപര്യങ്ങൾക്ക് വഴങ്ങിയാൽ, ഭാവിയിൽ നേട്ടമുണ്ടാകുമെന്ന് ബ്രിജ് ഭൂഷൺ പറഞ്ഞതായും താരങ്ങൾ വെളിപ്പെടുത്തിയിരുന്നു.


കേസുമായി ബന്ധപ്പെട്ട് ഇതുവരെ 137 പേരുടെ മൊഴിയും പ്രത്യേക അന്വേഷണ സംഘം രേഖപ്പെടുത്തിയിട്ടുണ്ട്. ശനിയാഴ്ച അമിത് ഷായുമായുള്ള കൂടിക്കാഴ്ചയ്ക്ക് പിന്നാലെ ഗുസ്തി താരങ്ങൾ തിരികെ ജോലിയിൽ പ്രവേശിക്കുമെന്ന് അറിയിച്ചിരുന്നു. സാക്ഷി മാലിക്, വിനേഷ് ഫോഗാട്ട്, ബജരംഗ് പുനിയ തുടങ്ങിയ താരങ്ങൾ ജോലിയിൽ പ്രവേശിക്കാൻ തീരുമാനിച്ചതോടെ സമരത്തിൽ നിന്ന് പിന്മാറിയെന്ന് റിപ്പോർട്ടുകൾ വന്നിരുന്നു. വാർത്ത നിഷേധിച്ച് താരങ്ങൾ തന്നെ രംഗത്തെത്തി. ജോലിയിൽ തിരികെ പ്രവേശിക്കുക മാത്രമാണ് ചെയ്തതെന്നും സമരം അവസാനിപ്പിച്ചിട്ടില്ലെന്നും അവർ പ്രതികരിച്ചിരുന്നു.

## കെ.ഫോൺ: വിവരസാങ്കേതികവിദ്യയിലെ കേരളത്തിന്റെ കുതിച്ചുചാട്ടം

കേരളത്തിനിത് അഭിമാന മുഹൂർത്തമാണ്. നമുക്ക് സ്വന്തമായി ഒരു ഇന്റർനെറ്റ് ശൃംഖല സ്വന്തമായിരിക്കുകയാണ്. കാലഘട്ടത്തിനനുയോജ്യമായ ഈ വലിയനേട്ടം കൈവരിക്കാൻ നേതൃത്വം നൽകിയ മുഖ്യമന്ത്രിയേയും സർക്കാരിനേയും കെ.ഫോണിന്റെ പിന്നണിയിൽ പ്രവർത്തിച്ചവരെയെല്ലാം അഭിനന്ദിക്കുന്നു. കെ.ഫോണിന്റെ ഉദ്ഘാടന വേദിയിൽവച്ച് മാനേജിങ് ഡയരക്ടർ ഡോ.സന്തോഷ്ബാബുവിന്റെ വാക്കുകൾ ശ്രദ്ധേയമായിരുന്നു. അദ്ദേഹം പറഞ്ഞത് കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കെ.ഫോൺ അതിവേഗം നടപ്പിലാക്കിയതിന് പിന്നിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ ഇച്ഛാശക്തിയായിരുന്നുവെന്നാണ്. മറ്റൊന്നുകൂടി അദ്ദേഹം കൂട്ടിച്ചേർത്തു. താൻ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിലും അവിടെയൊന്നും മുഖ്യമന്ത്രി നേരിട്ട് അവലോകന യോഗങ്ങളിൽ പങ്കെടുക്കാറില്ലായിരുന്നെന്നും, ഇവിടെ മുഖ്യമന്ത്രി നേരിട്ട് പങ്കെടുത്ത് എല്ലാ മാസവും അവലോകന യോഗം വിളിച്ചിരുന്നുവെന്നാണ്.

കേന്ദ്ര ടെലികോം മന്ത്രാലയത്തിന് കീഴിലെ ടെലികോം റെഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും കേന്ദ്രസർക്കാർ സ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റ(ഭെൽ)ഡിന്റെ മേൽനോട്ടവും കെ.ഫോണിനുണ്ട്. കൂടാതെ റെയിൽടെൽ, എസ്.ആർഐ.ടി, എസ്.എസ് കേബിൾ എന്നിവയടങ്ങുന്ന കൺസോർഷ്യം കെ.ഫോണിന് പിന്തുണ നൽകും. ആസൂത്രണം, നിർവഹണം, നിയന്ത്രണം, സംഭരണം, മോണിറ്ററിംഗ് എന്നിവയുടെ ചുമതല ഭെല്ലിനാണ്. കെ.ഫോൺ സംസ്ഥാനത്തിന് വലിയ വരുമാന സ്രോതസായി മാറും. സംസ്ഥാനത്തുടനീളം വിന്യസിച്ച ഡാർക്ക് ഫൈബർ പാട്ടത്തിന് നൽകുന്നതിലൂടേയും സർക്കാർ സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുന്നതിലൂടെ ലഭിക്കുന്ന സർവീസ് ചാർജ്, വീടുകൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും നൽകുന്ന ഇന്റർനെറ്റ് കണക്ഷൻ, സപ്ലൈകോ ഔട്ട്ലെറ്റുകൾ, കേരള ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുമ്പോൾ നല്ല വരുമാനം ഉണ്ടാക്കാൻ സാധിക്കും. ആദ്യവർഷം രണ്ടരലക്ഷം വാണിജ്യ കണക്ഷനുകളാണ് നൽകുന്നത്. 40ലക്ഷം കണക്ഷൻ നൽകാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള രാജ്യത്തെ ആദ്യ ബ്രോഡ്ബാൻഡ് കണക്ഷനാണ് കെ.ഫോൺ.

കെ.ഫോണിന്റെ ഉദ്ഘാടന വേദിയും ശ്രദ്ധേയമായി. വയനാട്ടിലെ പന്തലാടിക്കുന്നിലെ ആദിവാസി കോളനിയിലെ വിദ്യാർഥികളും തത്സമയം ഇതിന്റെ ഭാഗഭാക്കായി. സമൂഹത്തിലെ എല്ലാവർക്കും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുക എന്നതും താഴെതട്ടിലുള്ളവർക്കും വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ജീവിതവിജയം വെട്ടിപ്പിടിക്കാനും സാധിക്കണമെന്ന സന്ദേശമാണ് ഇതിലൂടെ സാധ്യമാകുന്നത്. പാവപ്പെട്ട വിദ്യാർഥികൾക്ക് നെറ്റ് ഉപയോഗിക്കാൻ പണമില്ലാതെ വരുമ്പോൾ അവർക്ക് ഓൺലൈൻ ക്ലാസ് അറ്റൻഡ് ചെയ്യാനാകില്ല. എന്നാൽ കെ.ഫോൺ വന്നതിന് ശേഷം ക്ലാസുകൾ നഷ്ടപ്പെടില്ലെന്നുള്ള കൽപ്പറ്റ എൻ.എം.എസ്.എം ഗവ.കോളേജിലെ ജേണലിസം അവസാന വർഷ വിദ്യാർഥിനി പി.സി അമൃതയുടെ വാക്കുകൾ സമൂഹം കേൾക്കേണ്ടത് തന്നെയാണ്. കെ.ഫോണിലൂടെ സംസ്ഥാനത്തെ 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും അതിവേഗ ഇന്റർനെറ്റ് ലഭ്യമാകും. കോർപറേറ്റ് ശക്തികൾക്കെതിരേ ജനകീയ ബദൽ മാതൃകയാണ് കെ.ഫോൺ എന്നാണ് സർക്കാർ അവകാശപ്പെടുന്നത്. മറ്റുള്ള സർവീസ് പ്രൊവൈഡർമാരെക്കാൾ കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് ലഭ്യമാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കെ.ഫോൺ യാഥാർഥ്യമാകുന്നതോടു കൂടി ഡിജിറ്റൽ വേർതിരിവില്ലാത്ത സംസ്ഥാനമായി കേരളം മാറും. ഇത് ലോകത്തിന് തന്നെ മാതൃകയാണ്. സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ കെ.ഫോൺ വേഗത കൂടുമെന്നതിൽ തർക്കമില്ല. സർക്കാർ സ്ഥാപനങ്ങളിൽ പലതും തുടക്കത്തിലുണ്ടാകുന്ന വേഗതയൊക്കെ നഷ്ടപ്പെട്ട് നഷ്ടത്തിൽ കൂപ്പുകുത്തി നിത്യപ്രയാണത്തിന് ഖജനാവിനെ ആശ്രയിക്കുന്ന ചിത്രവും നമ്മുടെ മുമ്പിലുണ്ട്. 40 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് ലഭ്യമാക്കുക എന്നത് വലിയ ഉത്തരവാദിത്വമാണ്. തുടക്കത്തിലുള്ള ആവേശം ഒട്ടും ചോരാതെ, കെടുകാര്യസ്ഥതയില്ലാത്ത പദ്ധതി നടപ്പിലാക്കിയാൽ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുകയും ഇടപെടാൻ സാധിക്കുകയും ചെയ്യുന്ന സംസ്ഥാനമായി കേരളം മാറും.




## അമൽ ജ്യോതി എൻജിനീയറിങ് കോളേജ് അനിശ്ചിത കാലത്തേക്ക് അടച്ചു; മാനേജ്മെന്റും വിദ്യാർഥി പ്രതിനിധികളും തമ്മിൽ ചർച്ച ഇന്ന്



ശ്രദ്ധ

കോട്ടയം: കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനീയറിങ് കോളേജ് അനിശ്ചിത കാലത്തേക്ക് അടച്ചു. ബിരുദ വിദ്യാർഥിനിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് പ്രതിഷേധം നടക്കുന്ന സാഹചര്യത്തിലാണ് കോളേജ് അനിശ്ചിത കാലത്തേക്ക് അടച്ചത്. ഹോസ്റ്റൽ ഒഴിയാൻ വിദ്യാർഥികൾക്ക് നിർദേശം നൽകി. ഹോസ്റ്റൽ ഒഴിയില്ലെന്നാണ് വിദ്യാർഥികളുടെ നിലപാട്. മാനേജ്മെന്റ് അധികൃതർ വിദ്യാർഥികളുമായി ചർച്ച നടത്തിയിരുന്നെങ്കിലും വിദ്യാർഥികൾ ഉന്നയിച്ച പ്രശ്നങ്ങളിൽ കൃത്യമായ തീരുമാനങ്ങൾ ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് ആരോപണ വിധേയരായ അധ്യാപകരെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ന് വിപുലമായ യോഗം ചേരാൻ തീരുമാനിച്ചത്. രണ്ടാം വർഷ വിദ്യാർഥിനിയായിരുന്ന ശ്രദ്ധ ആത്മഹത്യ ചെയ്തത് കോളേജിലെ ചില അധ്യാപകരുടെ മാനസിക പീഡനത്തെ തുടർന്നാണെന്നാണ് സഹപാഠികളുടെ ആരോപണം. ആത്മഹത്യയിലേക്ക് നയിച്ച സംഭവങ്ങളെ പറ്റിയും ശ്രദ്ധയെ ആശുപത്രിയിൽ എത്തിച്ചതിനുശേഷം അധ്യാപകരുടെ ഭാഗത്തുണ്ടായ വീഴ്ചകളെ പറ്റിയും വിശദമായ ചർച്ച നടത്തണമെന്നാണ് വിദ്യാർഥികളുടെ ആവശ്യം. ശ്രദ്ധയുടെ ആത്മഹത്യമായി ബന്ധപ്പെട്ട് കൂടുതൽ വിദ്യാർഥികളുടെ മൊഴിയെടുക്കാനുള്ള നടപടികൾ ഇന്ന് തുടങ്ങുമെന്ന് പോലിസും അറിയിച്ചു.

### തെക്ക്– കിഴക്കൻ അറബിക്കടലിലെ ന്യൂനമർദം തീവ്രമായി

## അടുത്ത 24 മണിക്കൂറിനുള്ളിൽ ചുഴലിക്കാറ്റായി മാറുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം


തിരുവനന്തപുരം: തെക്ക് -കിഴക്കൻ അറബിക്കടലിലെ ന്യൂനമർദം തീവ്രമായി, അടുത്ത 24 മണിക്കൂറിനുള്ളിൽ ചുഴലിക്കാറ്റായി മാറും. അറബിക്കടലിൽ ബിപർജോയ് ചുഴലിക്കാറ്റ് രൂപപ്പെട്ടതോടെയാണ് ന്യൂനമർദം തീവ്രമായത്. കാലവർഷ പുരോഗതിയെ അനുകൂലമായി ബാധിക്കുമെന്നും കേരളത്തിൽ മഴയ്ക്ക് കാരണമാകുമെന്നും കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു. അറബിക്കടലിലെ ചക്രവാതച്ചുഴി തീവ്ര ന്യൂനമർദമായി മാറിയതോടെ ഇന്ന് കേരളത്തിൽ മഴ കനത്തേക്കുമെന്നാണ് കാലാവസ്ഥ നീരീക്ഷണ കേന്ദ്രത്തിന്റെ നിഗമനം. ന്യൂനമർദത്തിന്റെ സ്വാധീനഫലമായി കാലവർഷം കേരളത്തോട് കൂടുതൽ അടുക്കുമെന്നാണ് വിലയിരുത്തുന്നത്. ഒരു ജില്ലയിലും ഇന്ന് പ്രത്യേക മഴ മുന്നറിയിപ്പില്ലെങ്കിലും തെക്കൻ കേരളത്തിലും മധ്യ കേരളത്തിലും പരക്കെ മഴ ലഭ്യമാകും. ഇതിനോട് അനുബന്ധമായി കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിമിന്നൽ, കാറ്റോട് കൂടിയ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥയ്ക്ക് സാധ്യത ഉള്ളതിനാൽ കേരളാ, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

## അപേക്ഷകൾ ക്ഷണിച്ചു

മാഹി: പോണ്ടിച്ചേരി യൂണിവേഴ്സിറ്റി മാഹി സെന്ററിൽ 2023 2024 വർഷത്തിലെ ബി.കോം (കോ-ഓപ്പറേഷൻ), ബിബി.എ ( ലോജിസ്റ്റിക്സ്, എയർലൈൻ ആന്റ് കാർഗോ മാനേജ്മെന്റ് , എം.വോക് ഫാഷൻ ടെക്നോളജി, ബി.വോക് കോഴ്സുകളായ ഫാഷൻ ടെക്നോളജി, ജേഴ്ണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ഓഫീസ് അഡ്മിനിസ്ട്രേഷൻ ആന്റ് സെക്രട്ടേറിയൽ അസിസ്റ്റൻസ്, ഡിപ്ലോമ കോഴ്സുകളായ റേഡിയോഗ്രഫി ആന്റ് ഇമേജിങ്ങ് ടെക്നോളജി, ടൂറിസം ആന്റ് സർവ്വീസ് ഇൻഡസ്ട്രി എന്നീ റഗുലർ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു.

അപേക്ഷകൾ ഓൺലൈൻ വഴി https://puccmaheadm.samarth.edu.in എന്ന വെബ്സൈറ്റ് വഴി ജൂൺ 7 മുതൽ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഹെൽപ്പ് ഡസ്ക് നമ്പറുകൾ: 0490 2332622, +91 9207982622, +91 86067 97541. കേരളത്തിലുള്ളവർക്കും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

# കഖോവ്ക അണക്കെട്ട് റഷ്യ തകർത്തുവെന്ന് ഉക്രെയ്ൻ, നിഷേധിച്ച് റഷ്യ



തെക്കൻ ഉക്രെയ്നിലെ പ്രധാന അണക്കെട്ടും ജല-വൈദ്യുത സ്റ്റേഷനുമായ കഖോവ്ക തകർന്നപ്പോൾ

കീവ്: തെക്കൻ ഉക്രെയ്നിലെ പ്രധാന അണക്കെട്ടും ജല-വൈദ്യുത സ്റ്റേഷനുമായ കഖോവ്ക അണക്കെട്ട് റഷ്യ തകർത്തുന്നവെന്ന് ഉക്രെയ്ൻ. അണക്കെട്ട് തകർന്നതിനെ തുടർന്ന് പ്രളയത്തിന് സാധ്യതയുണ്ടെന്നും പ്രദേശത്ത് നിന്ന് ആയിരക്കണക്കിന് ആളുകളെ മാറ്റിപ്പാർപ്പിച്ചതായും ഉക്രെയ്ൻ അധികൃതർ അറിയിച്ചു. എന്നാൽ, ഉക്രെയ്ന്റെ ആരോപണങ്ങൾ തള്ളി റഷ്യ. തർക്ക പ്രദേശത്തെ ഉക്രെയ്ൻ സൈനിക ആക്രമണത്തിൽ കേടുപാടുകൾ സംഭവിച്ചതാണ് അണക്കെട്ട് തകരാൻ കാരണമെന്ന് റഷ്യ തിരിച്ചടിച്ചു. തെരുവുകളിൽ വെള്ളം കയറുകയും വീടുകൾ മുങ്ങാനും സാധ്യതയുണ്ടെന്ന വിലയിരുത്തലിനെ തുടർന്ന് പുഴയുടെ തീരത്തുള്ള 10 ഗ്രാമങ്ങളിലുള്ളവർ അടിയന്തരമായി ഒഴിഞ്ഞു പോകണമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചിരുന്നു. യൂറോപ്പിലെ ഏറ്റവും വലിയ ആണവ നിലയത്തിന് ആവശ്യമായ ജലവിതരണം നടത്തുന്ന ഡാമിലെ ജലനിരപ്പ് ക്രമാതീതമായി താഴുന്നതായും ക്രിമിയയിലെ തെക്കുഭാഗത്തേക്കുള്ള കുടിവെള്ള വിതരണം താറുമാറാകുമെന്നും അധികൃതർ വ്യക്തമാക്കി. അണക്കെട്ട് പൊട്ടിയത് യൂറോപ്പിലെ ഏറ്റവും വലിയ ആണവ നിലയമായ സപോറിഷ്യ ആണവ നിലയത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ഉക്രെയ്ന്റെ ആണവ ഓപ്പറേറ്റർ എനർജിയോട്ടം പ്രസ്താവനയിൽ പറഞ്ഞു. വടക്കൻ ക്രിമിയയിലെ ജലവിതരണത്തെയാകും കൂടുതലായി ബാധിക്കുകയെന്ന് ഉക്രെയ്നിലെ യുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്ന സംഘടനയായ ഉക്രെയ്ൻ വാർ എൻവയോൺമെന്റ് ഇംപാക്റ്റ്സ് വർക്കിങ് ഗ്രൂപ്പ് അഭിപ്രായപ്പെട്ടു. അണക്കെട്ട് തകരുന്നതിന്റെ വീഡിയോകൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. സ്ഫോടനത്തിന് പിന്നാലെയാണ് അണക്കെട്ട് തകർന്ന് വെള്ളം ഒഴുകുന്നതെന്ന് ദൃശ്യങ്ങളിൽ കാണാം. 1956ലാണ് 30 മീറ്റർ ഉയരവും 3.2 കിലോമീറ്റർ നീളവുമുള്ള അണക്കെട്ട് നിപ്രോ നദിക്ക് കുറുകെ നിർമിച്ചത്. ബെലാറസുമായുള്ള വടക്കൻ അതിർത്തി മുതൽ കരിങ്കടൽ വരെ നീളുന്ന ഡിനിപ്രോ നദിയിലെ ആറ് ഡാമുകളിൽ അഞ്ചെണ്ണം യുക്രെയ്നിന്റെ നിയന്ത്രണത്തിലാണ്. എന്നാൽ, അകലെയുള്ള കഖോവ്ക 2014 മുതൽ റഷ്യൻ സേനയുടെ നിയന്ത്രണത്തിലാണ്.

# നാലുകോടിയുടെ വികസന പദ്ധതി; അത്തോളി സഹകരണ ആശുപത്രി പുതുമോടിയോടെ; ഉദ്ഘാടനം എട്ടിന്




അത്തോളി: സഹകരണ ആശുപത്രിയുടെ 50 കിടക്കകളോടുകൂടിയ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ജൂൺ എട്ടിന് സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവൻ നിർവഹിക്കും. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം ആധുനിക ഫാർമസി, ഹെൽത്ത് കെയർ സ്കീം, ഹോം കെയർ എന്നിവയാണ് പുതുതായി ആരംഭിക്കുന്നത്. ചടങ്ങിൽ എം.എൽ.എമാരായ കെ.എം സച്ചിൻ ദേവ് അധ്യക്ഷത വഹിക്കും. നവീകരിച്ച കാഷ്യാലിറ്റി ഉദ്ഘാടനം ജമീല കാനത്തിൽ എം.എൽ.എയും നവീകരിച്ച ഫാർമസി ഉദ്ഘാടനം കൺസ്യൂമർ ഫെഡ് ചെയർമാൻ എം.മെഹബൂബും നിർവഹിക്കും. സോഫ്റ്റ്വെയർ ഡിജിറ്റൽ കാർഡ് വിതരണം അത്തോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീബ രാമചന്ദ്രനും വെബ്സൈറ്റ് ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അജിത ഉദ്ഘാടനം ചെയ്യും. ഹെൽത്ത് കെയർ പദ്ധതി ഷെയർ സമാഹരണവും വിതരണവും കോഴിക്കോട് സഹകരണ ജോയിന്റ് രജിസ്ട്രാർ ജനറൽ ബി.സുധ നിർവഹിക്കും. കെ.ഡി.സി.എച്ച് ചെയർമാൻ പ്രൊഫ. പി.ടി അബ്ദുൽ ലത്തീഫ് ഫോട്ടോ അനാച്ഛാദനം ചെയ്യും. അനാർക്ക് ബിൽഡേഴ്സ് ആന്റ് ഡെവലപ്പേഴ്സ് ടി.കെ മുഹമ്മദ് ലെയിസ്, അത്തോളി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സന്ദീപ് നാലു പുരയ്ക്കൽ, ജില്ലാ പഞ്ചായത്ത് അംഗം സിന്ദു സുരേഷ്, ബ്ലോക്ക് പഞ്ചായത്ത് അംഗം സുധ കാപ്പിൽ, ഒള്ളൂർ ദാസൻ, സുധീഷ്, എം. രജിത, ടി.കെ വിജയൻ, കോമള തോട്ടോളി, മുഹമ്മദ് ഇയ്യാംകണ്ടി, എ.കെ രാജർ, കെ. മുരളീധരൻ, കൊല്ലോത്ത് ഗോപാലൻ, കെ.എം ബാലൻ എന്നിവർ പങ്കെടുക്കും. ചടങ്ങിൽ അത്തോളി സഹകരണ ആശുപത്രി സെക്രട്ടറി എം.കെ സാദിഖ് റിപ്പോർട്ട് അവതരിപ്പിക്കും. പ്രസിഡന്റ് കെ.കെ ബാബു സ്വാഗതവും വൈസ് പ്രസിഡന്റ് എൻ.കെ രാധാകൃഷ്ണൻ നന്ദിയും പറയും. നാല് കോടി രൂപയുടെ വികസന പദ്ധതികളാണ് ആശുപത്രിയിൽ നടപ്പിലാക്കിയതെന്ന് ആശുപത്രി പ്രസിഡന്റ് കെ.കെ ബാബു പറഞ്ഞു. ഓഹരിയിൽ പങ്കാളിത്വമുള്ളവർക്ക് ചികിത്സാ ആനുകൂല്യം ലഭിക്കുന്ന എ.സി.എച്ച് ഹെൽത്ത് കെയർ പദ്ധതി ഇതിനകം ആരംഭിച്ചിട്ടുണ്ട്. വാർത്തസമ്മേളനത്തിൽ എൻ.കെ രാധാകൃഷ്ണൻ, സി. പ്രകാശൻ, എം.കെ സാദിഖ്, പി.എം ഷാജി, എം.നൗഫൽ എന്നിവർ പങ്കെടുത്തു.

### അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ്

## റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർഥിയാകാൻ നാമനിർദേശ പത്രിക സമർപ്പിച്ച് മൈക്ക് പെൻസ്



വാഷിങ്ടൺ: 2024ൽ നടക്കാനിരിക്കുന്ന അമേരിക്കൻ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന്റെ ഭാഗമായി റിപ്പബ്ലിക്കൻ പാർട്ടിയിലെ സ്ഥാനാർത്ഥിത്വത്തിനായി നാമനിർദേശ പത്രിക സമർപ്പിച്ച് മുൻ വൈസ് പ്രസിഡന്റ് മൈക്ക് പെൻസ്. ബുധനാഴ്ച അയോവയിലെ ഡെമോയിനിൽ വച്ച് പെൻസ് തന്റെ സ്ഥാനാർത്ഥിത്വം പരസ്യമായി പ്രഖ്യാപിക്കുമെന്ന് അമേരിക്ക ആസ്ഥാനമായുള്ള മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഡൊണാൾഡ് ട്രംപിന്റെ സ്ഥാനാർത്ഥിത്വത്തിന് മൈക്ക് പെൻസ് കടുത്ത വെല്ലുവിളി ഉയർത്തുമെന്നാണ് പ്രതീക്ഷ.

ഫ്ളോറിഡ ഗവർണർ റോൺ ഡി സാന്റിസ് കഴിഞ്ഞയാഴ്ച സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചിരുന്നു. റിപ്പബ്ലിക്കൻ മത്സരത്തിൽ ട്രംപ് ഏറെ മുന്നിലാണെന്നാണ് ചില സർവേകൾ സൂചിപ്പിക്കുന്നത്. മിക്ക അഭിപ്രായ വോട്ടെടുപ്പുകളും കാണിക്കുന്നത് പെൻസ് മൂന്നാം സ്ഥാനത്താണെന്നാണ്. അതേസമയം, പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള പ്രചാരണം പെൻസ് ഇതിനോടകം തന്നെ ആരംഭിച്ചതായാണ് റിപ്പോർട്ട്.

2017 മുതൽ 2021വരെ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് കീഴിലായിരുന്നു പെൻസ് വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ചത്. ഇൻഡ്യാന മുൻ ഗവർണറായിരുന്ന പെൻസ് 2020 വരെ ട്രംപിന്റെ വിശ്വസ്തനായിരുന്നു. എന്നാൽ, യു.എസ് ക്യാപിറ്റോൾ കലാപത്തോടെയാണ് ട്രംപുമായി പെൻസ് അകലുന്നത്. ജോ ബൈഡൻ സ്ഥാനമേൽക്കുന്നത് തടയാനുള്ള അധികാരം പ്രയോഗിക്കണമെന്ന് ട്രംപ് ആവശ്യപ്പെട്ടിരുന്നുവെന്ന് പെൻസ് വെളിപ്പെടുത്തിയിരുന്നു. ട്രംപിന്റെ ആവശ്യം താൻ നിഷേധിച്ചതായും പെൻസ് പറഞ്ഞു.

കഴിഞ്ഞ വർഷം നവംബറിൽ ട്രംപ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചിരുന്നു. പെൻസിന് പുറമെ ന്യൂജേഴ്സി മുൻ ഗവർണർ ക്രിസ് ക്രിസ്റ്റിയും മത്സര രംഗത്തുണ്ട്. പാർട്ടിയിൽ ട്രംപിന്റെ മുഖ്യ എതിരാളിയും ഫ്ളോറിഡ ഗവർണറുമായ റോൺ ഡിസാന്റിസ് കഴിഞ്ഞ മാസം അവസാനം മുതൽ പ്രചാരണം ആരംഭിച്ചിരുന്നു. സൗത്ത് കാരലൈന മുൻ ഗവർണറും യു.എന്നിലെ മുൻ അമേരിക്കൻ അംബാസഡറുമായ നിക്കി ഹേലി, നോർത്ത് ഡക്കോട്ട ഗവർണർ ഡഗ് ബർഗം ,സെനറ്റർ ടിം സ്കോട്ട്, ആർക്കൻസോ ഗവർണർ എയ്സ ഹച്ചിൻസൺ, ടെക് സംരംഭകനും ഇന്ത്യൻ വംശജനുമായ വിവേക് രാമസ്വാമി തുടങ്ങിയവർ ട്രംപിനെതിരേ മത്സര രംഗത്തുണ്ട്.

# മാമ്പഴം രുചിച്ചും കൃഷിയനുഭവങ്ങൾ ചോദിച്ചറിഞ്ഞും കക്കാട് ഗവ. എൽ.പി സ്കൂളിലെ വിദ്യാർഥികൾ

മുക്കം: ലോക പരിസ്ഥിതി ദിനത്തിൽ കക്കാട് ഗവ. എൽ.പി സ്കൂൾ വിദ്യാർഥികൾക്കായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു. സ്കൂളിലെ മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾ കർഷകനും സിവിൽ (ഡ്രാഫ്റ്റ്സ്മാൻ) എൻജിനീയറുമായ കാരശ്ശേരിയിലെ പൊയിലിൽ അബ്ദുവിന്റെ 'പൊയിലിൽ അഗ്രോ ഫാമി'ലെത്തി കൃഷിയനുഭവങ്ങൾ അദ്ദേഹത്തിൽ നിന്നും നേരിട്ടു മനസ്സിലാക്കി. വീടിനോട് ചേർന്നുള്ള ഒന്നര ഏക്കറിലേറെ വരുന്ന സ്ഥലത്തെ 150-ലേറെ ഇനം മാവുകളെ കുറിച്ചും അതിന്റെ വിളവെടുപ്പ്, ബഡ്ഡിംഗ്, കൃഷി രീതികളെക്കുറിച്ചും അദ്ദേഹം കുട്ടികളുമായി അനുഭവങ്ങൾ പങ്കുവെച്ചു. ഒപ്പം സ്കൂളിൽ നട്ടുവളർത്താനായി ബാംഗ്ലൂരുവിലെ ഐ.എച്ച്.ആർ.ഡി വികസിപ്പിച്ചെടുത്ത മൂന്നുവർഷത്തിനകം കായ്ക്കുന്ന ബഗ്ളോറ എന്ന മാവിൻ തൈയും രുചിക്കാനായി രാസവളങ്ങൾ ചേർക്കാത്ത ശുദ്ധ മാമ്പഴങ്ങളും നൽകി. കൂടാതെ, സ്കൂളിലെ താൽപര്യമുള്ള പത്ത് കുട്ടിക്കർഷകരെ സൗജന്യമായി ബഡ്ഡിംഗ് പഠിപ്പിക്കാനും അദ്ദേഹം സന്നദ്ധതയറിയിച്ചു. കുട്ടികൾക്ക് വിവിധ കൃഷികളിൽ അവബോധമുണ്ടാക്കാൻ ആവശ്യമായ സഹായങ്ങളും അദ്ദേഹം ഉറപ്പുനൽകി.



കർഷകനും സിവിൽ എൻജിനീയറുമായ കാരശ്ശേരിയിലെ പൊയിലിൽ അബ്ദു, ഫീൽഡ് ട്രിപ്പിന്റെ ഭാഗമായി തന്റെ ഫാമിലെത്തിയ കക്കാട് ഗവ. എൽ.പി സ്കൂൾ വിദ്യാർഥികൾക്ക് കൃഷി രീതികളെക്കുറിച്ച് പറഞ്ഞു കൊടുക്കുന്നു

ലോകത്താകെ ചൂട് കൂടിവരികയും നമ്മുടെ വായുവും വെള്ളവും മണ്ണും പരിസരവുമെല്ലാം കൂടുതൽ മലിനവുമാകുന്ന സാഹചര്യത്തിൽ മനുഷ്യൻ കൂടുതൽ കൂടുതൽ രോഗികളായി തീരുകയാണ്. ആയതിനാൽ പ്രകൃതിയിലേക്ക് ഇറങ്ങാനും മണ്ണും മനസ്സും ചേർന്ന് കൂടുതൽ പച്ചപ്പ് പടർത്താനും വിഷരഹിത ജൈവകൃഷി രീതിയിലൂടെ വീട്ടിലേക്ക് ആവശ്യമായതെല്ലാം നമുക്ക് ചുറ്റും നട്ടുവളർത്താൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. കുട്ടികളിൽ പരിസ്ഥിതിയെക്കുറിച്ചും വിവിധ കൃഷിരീതികളെക്കുറിച്ചും അവബോധമുണ്ടാക്കുന്നതിനായാണ് സ്കൂൾ പരിസ്ഥിതി ദിനത്തിൽ ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചത്. കേവലം ഒരു ദിവസം വൃക്ഷത്തൈകൾ നടുന്നതിലും പരിസ്ഥിതി പ്രതിജ്ഞ എടുക്കുന്നതിലും മാത്രം പരിസ്ഥിതി ദിനാഘോഷം ഒതുങ്ങരുതെന്ന സന്ദേശമാണ് യാത്രയിലൂടെ കുട്ടികൾക്ക് പകർന്നത്. നമുക്ക് ചുറ്റും നടക്കുന്ന കാര്യങ്ങളിലേക്ക് കണ്ണോടിക്കാനും നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടമുണ്ടാക്കാതെ നാടിന്റെ പച്ചപ്പും വിശുദ്ധിയും നിലനിർത്താനാവശ്യമായ സ്ഥായിയായ ഒരു പാരിസ്ഥിതിക സംസ്കാരം നട്ടുവളർത്താനാവശ്യമായ ബോധവൽക്കരണം കൂടിയായിരുന്നു ഫീൽഡ് ട്രിപ്പ്. സംശയങ്ങൾ ചോദിച്ചും കാര്യങ്ങൾ കൗതുകത്തോടെ കണ്ടനുഭവിച്ചും കുട്ടികൾ യാത്രയെ ആസ്വാദ്യകരമാക്കി. സ്കൂളിനായുള്ള ബഗ്ളോറ മാവിൻ തൈ ഫാം ഉടമയുടെ നാലര വയസ്സുള്ള മകൾ ഫാത്തിമ ബെൽഹ സ്കൂൾ എച്ച്.എം ജാനീസ് ജോസഫിന് കൈമാറി. പി.ടി.എ പ്രസിഡന്റ് കെ.സി റിയാസ്, എക്സിക്യൂട്ടീവ് അംഗം മുനീർ പാറമ്മൽ, സ്കൂൾ സീനിയർ അസിസ്റ്റന്റ് ഷഹനാസ് ടീച്ചർ, അധ്യാപകരായ കെ.ഫിറോസ് മാഷ്, ഷാക്കിർ മാഷ് ചേന്ദമംഗല്ലൂർ, ഗീതു ടീച്ചർ മുക്കം തുടങ്ങിയവർ യാത്രയ്ക്ക് നേതൃത്വം നൽകി.




അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി മർകസ് നോളജ് സിറ്റിയിൽ നടന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയരക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി

# പരിസ്ഥിതി പരിപാലനവും വളർത്തലും മാനവിക കടമ: ഡോ എ.പി അബ്ദുൽ ഹകീം അസ്ഹരി

നോളജ് സിറ്റി: പരിസ്ഥിതിയുടെ പരിപാലനവും വളർത്തലും നമ്മൾ ഓരോരുത്തരും ഉൾക്കൊള്ളുന്ന മാനവിക സമൂഹത്തിന്റെ കടമയാണെന്ന് മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയരക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി. അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി മർകസ് നോളജ് സിറ്റിയിൽ നടന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മാലിന്യ നിർമാർജനം വൈയക്തിക ഉത്തരാവാദിത്വമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വലൻസിയ ഗലേറിയയിൽ വച്ച് നടന്ന ചടങ്ങിൽ നോളജ് സിറ്റി സി.ഒ.ഒ ഡോ. നസീം റഹ്മാൻ അധ്യക്ഷത വഹിച്ചു. ഡോ. അമീർ ഹസൻ, ഡോ. ശംസുദ്ദീൻ സംസാരിച്ചു. യൂസുഫ് നൂറാനി സ്വാഗതവും പി.യു ഉമ്മർ ഹാജി നന്ദിയും പറഞ്ഞു.



അനാരോഗ്യകരമായ രീതിയിൽ ഗുഡ്സ് ഓട്ടോറിക്ഷ വഴി വിതരണം ചെയ്ത മിൽമ പാക്കറ്റ് പാൽ പഞ്ചായത്ത്-ആരോഗ്യ അധികൃതർ ചേർന്ന് പിടിച്ചെടുത്തപ്പോൾ

## നാദാപുരത്ത് അനാരോഗ്യകരമായ രീതിയിൽ വിതരണം ചെയ്ത മിൽമ പാൽ പിടിച്ചെടുത്ത് നശിപ്പിച്ചു; പിഴ ഈടാക്കി

നാദാപുരം: ഗ്രാമപഞ്ചായത്തിൽ കെ.എൽ 18 കെ 3013 ഗുഡ്സ് ഓട്ടോറിക്ഷയിൽ അനാരോഗ്യകരമായ രീതിയിൽ വിതരണം ചെയ്ത 66 മിൽമ പാക്കറ്റ് പാൽ പഞ്ചായത്തും ആരോഗ്യ വകുപ്പും ചേർന്ന് പിടിച്ചെടുത്ത് നശിപ്പിച്ചു. വിതരണക്കാരനായ കെ. ജാബിറിൽ നിന്നും 1000 രൂപ പിഴ ഈടാക്കി. മിൽമ പാൽ ചൂടുകാലത്ത് ഫ്രീസറില്ലാതെ സൂര്യപ്രകാശം ഏൽക്കുന്ന രീതിയിൽ തുറന്നിട്ട വാഹനത്തിൽ കൊണ്ടുപോകുന്നത് അനാരോഗ്യകരവും അത് ഉപയോഗിക്കുന്ന ആളുകൾക്ക് അസുഖം പിടിപെടാൻ സാധ്യത ഉള്ളതുമാണ്. മിൽമ സംഭരണ കേന്ദ്രത്തിൽ നിന്നും തുറസ്സായ ഗുഡ്സ് ഓട്ടോറിക്ഷയിൽ കയറ്റി പാൽ വിതരണം ചെയ്യുന്നത് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽ പെടുകയും വാഹനം പിടിച്ചെടുത്ത് 66 മിൽമ പാക്കറ്റ് പാൽ നശിപ്പിക്കുകയും പിഴ വിതരണക്കാരനിൽ ഈടാക്കി പഞ്ചായത്തിൽ അടക്കുകയും ചെയ്തു. പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ്, താലൂക്ക് ഹെൽത്ത് ഇൻസ്പെക്ടർ സുരേന്ദ്രൻ കല്ലേരി, പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ കെ. സതീഷ് ബാബു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ പി.കെ പ്രീജിത്ത്, എസ്. അർജുൻ, ബിജു പ്രശാന്ത് എന്നിവർ നടപടികൾക്ക് നേതൃത്വം നൽകി.

## ആശുപത്രി പരിസരം ശുചീകരിച്ചു

മാഹി: ഗവ.ഹോസ്പിറ്റൽ പരിസരത്ത് മാഹി സി.എച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ പരിസര ശുചീകരണവും വൃക്ഷതൈകൾ നടുകയും ചെയ്തു. ആരോഗ്യ വകുപ്പ് ഡെ.ഡയറക്ടരുടെ ചുമതലയുള്ള ഡോ. സൈബുന്നിസ പരിപാടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സി.എച്ച് സെന്റർ പ്രസിഡന്റ് എ.വി യൂസഫ്, സി.എച്ച് വസന്ത (സീനിയർ നഴ്സ് ഓഫീസർ ), എസ്.കെ സുധ (നഴ്സിംഗ് ഓഫീസർ ), ജിഷ തോമസ് (നഴ്സിംഗ് ഓഫീസർ ), കെ.കെ ഷൈജ (നഴ്സിംഗ് ഓർഡേർളി ), എ.വി അൻസാർ, റസ്മിൽ, റംസാൻ, സക്കീർ, നംഷീർ, ഉബൈസ്, സഫ്വാൻ, അബ്ഷർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സി എച്ച് സെന്റർ വളന്റിയർ വിങ്ങ് പ്രസിഡന്റ് അജ്മൽ നിയാദ് പരിസര ശുചീകരണ പരിപാടികൾക്ക് നേതൃത്വം നൽകി.

# തീറ്റപ്പുല്ല് കൃഷിയിൽ വിജയഗാഥയുമായി മസ്റ

നോളജ് സിറ്റി: മർകസ് നോളജ് സിറ്റി മസ്റയിലെ തീറ്റപ്പുല്ല് കൃഷി വിജയഗാഥ രചിക്കുന്നു. നാല് വർഷങ്ങൾക്ക് മുമ്പാണ് മസ്റയിൽ തീറ്റപ്പുല്ല് കൃഷി ആരംഭിച്ചത്. മസ്റയിലെ ഏഴ് ഏക്കർ തെങ്ങിൻ തോപ്പിൽ നിന്ന് ലഭിക്കുന്ന പുല്ലാണ് ഇവിടത്തെ ഫാമിലെ 30 പശുക്കൾക്ക് ഇപ്പോൾ നൽകുന്നത്. വൈകാതെ ഇവ പുറത്തേക്ക് വിൽപ്പന നടത്താനും കഴിയുമെന്നാണ് നടത്തിപ്പുകാർ പ്രതീക്ഷിക്കുന്നത്. 30 പശുക്കൾക്കുമായി 1,200 കിലോയിലധികം പുല്ലാണ് ദിനംപ്രതി ഇവിടെ നിന്ന് അരിയുന്നത്. നേരത്തെ, മസറയിലെ പശുക്കൾക്കായി പ്രതിമാസം 50,000 രൂപയുടെ തീറ്റപ്പുല്ല് ഇറക്കുമതി ചെയ്തിരുന്നു. ഇപ്പോൾ ആവശ്യത്തിനപ്പുറമുള്ളത് വിൽപ്പന നടത്താനുള്ള ഒരുക്കമാണ് നടക്കുന്നത്. അതേ സമയം, 20,000 രൂപക്ക് താഴെ മാത്രമാണ് ഏഴ് ഏക്കർ ഭൂമിയിലെ തീറ്റപ്പുല്ല് കൃഷിക്ക് ചിലവ് വരുന്നത് എന്നതും എടുത്തു പറയേണ്ടത് ആണ്. സി.ഒ.ത്രി ഇനത്തിൽ പെടുന്ന തീറ്റപ്പുല്ലാണ് മസ്റയിൽ വളർത്തുന്നത്. 30–40 ദിവസംകൊണ്ട് ഉപയോഗപ്രദമാകുന്ന പുല്ലിന് വളമായി വേണ്ട സ്ലെറി ഇവിടെ നിന്ന് തന്നെയാണ് ഉൽപാദിപ്പിക്കുന്നത്. മഴയില്ലാത്ത സമയത്ത് ആവശ്യമായ വെള്ളവും സ്ലെറിയും ചെടികളിലേക്ക് എത്തിക്കാനായി പ്രത്യേക ടാങ്കും സേചന സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതുവഴി നല്ല പാൽ ഉൽപാദിപ്പിക്കാനും കഴിയുന്നതായാണ് മസ്റ ജോയിൻ ഡയരക്ടർ സൈദ് മുഹമ്മദ് പറയുന്നത്. അതോടൊപ്പം പുല്ല് നട്ടുവളർത്തിയ തെങ്ങിൻ തോപ്പിൽ നിന്ന് കൂടുതൽ തേങ്ങ വിളവെടുക്കാൻ കഴിയുന്നതായും ഇദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ഈ തേങ്ങ ഉപയോഗിച്ച് ആട്ടിയെടുക്കുന്ന ശുദ്ധമായ വെളിച്ചെണ്ണ വിപണിയിലെത്തിക്കാനും നീക്കം നടക്കുന്നുണ്ട്. നിലവിൽ 20,000 ലിറ്ററിലധികം വെളിച്ചെണ്ണ പ്രതിമാസം ഇവിടെ നിന്ന് ഉൽപാദിപ്പിക്കുന്നുണ്ട്.



# പ്രകൃതി വിഭവങ്ങൾ വരും തലമുറക്ക് കരുതിവയ്ക്കണം: കാന്തപുരം



മർകസിൽ നടന്ന പരിസ്ഥിതി ദിനാചരണത്തിൽ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ ഫലവൃക്ഷത്തൈ നടുന്നു

കാരന്തൂർ: മണ്ണും വായുവും വെള്ളവും നമ്മൾ അനുഭവിച്ചതിനേക്കാൾ മനോഹരമായി വരും തലമുറക്ക് ബാക്കി വെക്കാൻ നമുക്കാവണമെന്ന് മർകസ് ജനറൽ സെക്രട്ടറി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജാമിഅ മർകസ് വിദ്യാർഥി യൂണിയൻ ഇഹ്യാഉസ്സുന്ന സംഘടിപ്പിച്ച തൈനടൽ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അമിതവ്യയം പാടെ ഉപേക്ഷിച്ചും പരിസ്ഥിതിയോട് കൂട്ടുകൂടിയും മാനുഷിക ഉത്തരവാദിത്വം നം നിർവഹിക്കണം. പരിസ്ഥിതി പരിപാലനത്തിന്റെ ഇസ്ലാമിക മാനങ്ങൾ ഏവരും ജീവിതത്തിൽ പുലർത്തണം. പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നതിൽ സൂക്ഷ്മത പാലിക്കണമെന്നും അന്ത്യനാളടുത്താൽ പോലും ഭൂമിക്ക് പച്ചപ്പ് പകരണമെന്നുമുള്ള നബിവചനം പ്രചോദനമാകണമെന്നും കാന്തപുരം പറഞ്ഞു. ചടങ്ങിൽ വിദ്യാർത്ഥി യൂണിയൻ ഭാരവാഹികളായ സയ്യിദ് അഹ്മദ് ജമലുല്ലൈലി, ഹാഫിള് ശറഫുദ്ദീൻ അണ്ടോണ, ശഫീഖ് കൈതപ്പൊയിൽ സംബന്ധിച്ചു.




എം.എസ്.എസ് കോടമ്പുഴ യൂണിറ്റ് സംഘടിപ്പിച്ച കരിയർ ഗൈഡൻസ് ക്ലാസിൽ നിന്ന്

## എം.എസ്.എസ് കോടമ്പുഴ യൂണിറ്റ് വിദ്യാർഥികളെ ആദരിച്ചു

കോടമ്പുഴ: എം.എസ്.എസ് യൂണിറ്റ് കോടമ്പുഴ യത്തീംഖാന ഓഡിറ്റോറിയത്തിൽ മഹല്ലിലെ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ വിജയം വരിച്ച മുഴുവൻ വിദ്യാർഅികളെയും രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ ആദരിച്ചു. ഒപ്പം ഡയറക്ടറേറ്റ് ഓഫ് ജനറൽ എജ്യുക്കേഷൻ ആൻഡ് സിജിയുടെ ട്രെയിനറും ആന്റ് ഫാക്കൽറ്റിയുമായമായ എം.ടി ഫരീദ ക്ലാസ് എടുത്തു. ഫാറൂഖ് കോളേജ് റിട്ടയേർഡ് ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ് ഹെഡും പ്രൊഫസറുമായ ഡോക്ടർ മുഹമ്മദലി ഉദ്ഘാടന കർമം നിർവഹിച്ചു. യൂണിറ്റ് എം.എസ്.എസ് എജ്യുക്കേഷണൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.കെ മുഹമ്മദലി അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി വി.എം ഷെരീഫ്, എം.എസ്.എസ് പ്രവാസി വിംഗ് ചെയർമാൻ അയ്യൂബ് കല്ലട, യൂണിറ്റ് ജനറൽ സെക്രട്ടറി ജലീൽ പാണിക്കര, ഷാഡോ ഫൗണ്ടേഷൻ ചെയർമാൻ വി.എം ബഷീർ, സെക്രട്ടറി മജീദ് അമ്പലക്കണ്ടി, എൻ.പി സവാദ്, അക്ബർ കെ.കെ, വൈസ് പ്രസിഡന്റ് കെ.എം മുഹമ്മദലി സംസാരിച്ചു.




യൂത്ത് കോൺഗ്രസ് എസ് സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വൃക്ഷതൈ നടീലിന്റെ സംസ്ഥാനതല പരിപാടി ഉദ്ഘാടനം ചെയ്യുന്ന രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ

## പ്രകൃതിയുടെ സംരക്ഷണ കവചമായി യുവ സമൂഹം മാറണം: രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ

കണ്ണൂർ: പ്രകൃതിയെ സംരക്ഷിക്കുന്ന കാര്യത്തിൽ യുവാക്കളും വിദ്യാർഥികളും സജീവമായി രംഗത്തിറങ്ങി പ്രവർത്തിക്കാൻ തയാറാകണമെന്ന് കോൺഗ്രസ് എസ് സംസ്ഥാന പ്രസിഡന്റും എം.എൽ.എയുമായ രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. പ്രകൃതിയുടെ സംരക്ഷണ കവചമായി യുവ സമൂഹം മാറണം.

ഇത് കാലഘട്ടത്തിന്റെ ആവശ്യമാണ് ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി യൂത്ത് കോൺഗ്രസ് എസ് സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വൃക്ഷതൈ നടീലിന്റെ സംസ്ഥാനതല പരിപാടി ഉദ്ഘാടനം ചെയ്ത് സംസരിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂർ കിഴ്ത്തള്ളി സരഞ്ചിൽ കോൺഗ്രസ് എസ് നേതാവ് രാജീവിന്റെ വിട്ടുപടിക്കലാണ് വൃക്ഷ തൈ നട്ടത്.

തുടർന്ന് രാമചന്ദ്രൻ കടന്നപ്പള്ളി പ്രതിജ്ഞ ചൊല്ലി. കെ.പി.സി.സി എസ് നിർവാഹക സമതി അംഗം കെ.പ l ദീലീപ് രചിച്ച നാമ്പുകൾ എന്ന കവിത കെ.വി തമ്പാൻ മാസ്റ്റർ തോട്ടട ആലപിച്ചു. പ്രസിഡന്റ് സന്തോഷ് കാലായുടെ നേതൃത്വത്തിൽ സംഘടപ്പിച്ച ചടങ്ങിൽ നേതാക്കളായ എൻ.സി.ടി ഗോപി കൃഷ്ണൻ , അഷറഫ് പിലത്തറ, റെനീഷ് മാത്യു, രൺദീപ് , ബാബു ജോസ് പിലത്തറ, പി.കെ സുമേഷ്, കെ.പ l ദിലീപ്, എ. അബ്ദുദുൾ ലത്തീഫ് , കെ.സി രാമചന്ദ്രൻ തളിപ്പറമ്പ്, ദിനാകരൻ തോട്ടട , വിപിൻദാസ് എന്നിവർ പങ്കെടുത്തു. 14 ജില്ലകളിലും യൂത്ത് കോൺഗ്രസ് -എസ് സംസ്ഥാന- ജില്ലാ- ബ്ലോക്ക് നേതാക്കളും പ്രവർത്തകരും അതാത് സ്ഥലങ്ങളിൽ വൃക്ഷതൈ നട്ടു.

# കേന്ദ്രസർക്കാർ മാധ്യമങ്ങളെ ഭീഷണിപ്പെടുത്തുന്നു: കെ.മുരളീധരൻ എം.പി

കോഴിക്കോട്: കേന്ദ്രസർക്കാർ മാധ്യമങ്ങളെ ഭീഷണിപ്പെടുത്തുകയാണെന്ന് കെ.മുരളീധരൻ എം.പി പറഞ്ഞു. പ്രതിഷേധിക്കുന്നവരെ മുഴുവൻ ഭീഷണിപ്പെടുത്തുന്ന രീതിയാണ് കേന്ദ്രത്തിന്റേത്. വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മാധ്യമ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏത് രാജ്യത്തിന് വേണ്ടിയാണോ കഷ്ടപ്പെട്ട് മെഡൽ നേടിയത്, ആ രാജ്യത്ത് സ്വന്തം ശരീരം സംരക്ഷിക്കാൻ വേണ്ടിയുള്ള പോരാട്ടത്തിലാണ് കായിക താരങ്ങൾ. പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്തത് തെറ്റായ രീതിയിലായിരുന്നു. മാധ്യമങ്ങൾ ബി.ജെ.പിയുടെ വിജയം പർവതീകരിക്കുകയും കോൺഗ്രസിന്റെ വിജയം ചുരുക്കി കാണിക്കുകയുമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. കേന്ദ്രസർക്കാരിന്റെ ഭരണനേട്ടവും കോട്ടവും തെരഞ്ഞെടുപ്പുകളിൽ ചർച്ചയാക്കുന്നതിന് പകരം ജനങ്ങളെ ഭിന്നിപ്പിച്ച് വർഗ്ഗീയ രാഷ്ട്രീയം ചർച്ചയാക്കാനാണ് ബി.ജെ.പി ശ്രമിക്കുന്നതെന്നും ഉത്തർപ്രദേശ് മുതൽ ബി.ജെ.പി നടത്തിയ ഇത്തരം പ്രവർത്തനത്തിനുള്ള




വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മാധ്യമ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കെ.മുരളീധരൻ എം.പി

തിരിച്ചടിയാണ് കർണാടകത്തിൽ നിന്ന് കിട്ടിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യു.പിയിൽ 80:20 എന്ന തരത്തിലും കർണാടകത്തിൽ ടിപ്പുസുൽത്താനും സവർക്കരും തമ്മിലുള്ള പോരാട്ടം എന്ന രീതിയിലായിരുന്നു പ്രചരണം. 300 കൊല്ലം മുൻപ് മരിച്ചുപോയ ടിപ്പു സുൽത്താനും 60 കൊല്ലം മുൻപ് മരിച്ചുപോയ സവർക്കറും എങ്ങനെ പോരാടാനാണെന്നദ്ദേഹം ചോദിച്ചു. ജനങ്ങളുടെ നികുതിപണം കൊണ്ട് നിർമിച്ച പാർലമെന്റ് മന്ദിരം, സ്വന്തം നിർമിച്ച മട്ടിലാണ് മോദി ഉദ്ഘാടനം ചെയ്തത്. മതവിശ്വാസികളുടേയും വിശ്വസിക്കാത്തവന്റേയും പണമാണത്. അവിടെ മതചടങ്ങുകൾക്ക് പ്രസക്തിയില്ല.

മതേതരത്തിന് വേണ്ടി നടത്തുന്ന പോരാട്ടം വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വാർത്തയാകുന്നില്ല. വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ട്രഷറർ സജ്ജാദ് അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ടി.കെ അഷ്റഫ്, ചന്ദ്രിക എഡിറ്റർ കമാൽ വരദൂർ, ഉമർ പുതിയോട്ടിൽ, വിസ്ഡം യൂത്ത് സംസ്ഥാന വൈസ്പ്രസിഡന്റ് ഡോ.പി.പി നസീഫ് സംസാരിച്ചു.

# നാദാപുരത്തെ മാലിന്യ ശുചിത്വ പ്രവർത്തനങ്ങൾക്ക് ഊർജം പകർന്ന് ഹരിതസഭ സംഘടിപ്പിച്ചു

നാദാപുരം: സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം മാലിന്യശുചിത്വ മേഖലയിലെ ഹ്രസ്വകാല നടപടികളും ദീർഘകാല പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിനും ഹരിത കർമ്മ സേനയെ ജനകീയവൽക്കരിക്കുന്നതിനും നാദാപുരത്തെ മാലിന്യമുക്ത പ്രദേശമാക്കുന്നതിനും വേണ്ടി 18ാം വാർഡിലെ വാണിയൂർ തോടിന്റെ പരിസരത്തുവച്ച് ഹരിതസഭ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ് പരിസ്ഥിതി സന്ദേശം നൽകി, സ്ഥിരം സമിതി അധ്യക്ഷന്മാരായ സി.കെ നാസർ, എം .സി സുബൈർ, ജനീദ ഫിർദൗസ്, വാർഡ് മെമ്പർ പി.പി ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. ചടങ്ങിൽ വെച്ച് പഞ്ചായത്തിലെ ഹരിതകർമ്മ സേന അംഗങ്ങളും ജനകീയ ഓഡിറ്റ് ടീമുമായി മുഖാമുഖം നടത്തി.




ഹരിതസഭയിൽ നാദാപുരം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലിയുടെ നേതൃത്വത്തിൽ ശുചിത്വ പ്രതിജ്ഞ എടുത്തപ്പോൾ

ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ അസിസ്റ്റന്റ് സെക്രട്ടറി ടി. പ്രേമാനന്ദൻ, ഹരിത കർമ്മ സേനാംഗം എ.കെ രേവതി എന്നിവർ ചേർന്ന് അവതരിപ്പിച്ചു.പഞ്ചായത്ത് തയ്യറാക്കിയ കരട് ശുചിത്വ പദ്ധതിരേഖ ചടങ്ങിൽവച്ച് പ്രസിഡന്റ് ജനകീയ ഓഡിറ്റ് ടീം അംഗങ്ങളായ ഒ.വി അശോകൻ, എ.കെ ഹരിദാസൻ, കാസിം കുന്നുമ്മൽ, ആർ. നാരായണൻ മാസ്റ്റർ, പി.പി റീജ, കെ. അജയ് കുമാർ, ഹാമിസ്, സവിത, കെ. അജയ് കുമാർ, സകരിയ, രജീഷ്, റീജ, ഷീബ ടീച്ചർ, പ്രജിഷ, ജീത്ത, ടി. രവീന്ദ്രൻ, കെ. കാസിം എന്നിവർക്ക് കൈമാറി. കില തീമാറ്റിക്ക് എക്സ്പേർട്ട് കെ. ഫാത്തിമ സർക്കാർ നിർദേശങ്ങൾ അവതരിപ്പിച്ചു. ചടങ്ങിൽ പങ്കെടുത്തവർ പ്രസിഡന്റ് വി.വി മുഹമ്മദലിയുടെ നേതൃത്വത്തിൽ ശുചിത്വ പ്രതിജ്ഞ എടുത്തു. ഹ്രസ്വകാല പ്രവർത്തനങ്ങൾ ഹെൽത്ത് ഇൻസ്പെക്ടർ കെ. സതീഷ് ബാബു അവതരിപ്പിച്ചു.

ഹരിത കർമ്മസേനാംഗങ്ങളായ കെ.സി നിഷ, കെ. ലീല എന്നിവരുടെ നേതൃത്വത്തിൽ ഹരിത ഗീതം ആലപിച്ചു. ജനകീയ ഓഡിറ്റ് അംഗങ്ങൾ സംശയനിവാരണം നടത്തി. ചടങ്ങിൽ പങ്കെടുത്തവർക്ക് ചിരട്ടയിൽ കാപ്പി നൽകിയത് നവ്യാനുഭവമായി. പരിസ്ഥിതി ബോധം ജനങ്ങളിൽ എത്തിക്കാൻ പ്രശസ്ത കലാകാരൻ സുധൻ തത്തോത്ത് സ്കിറ്റ് അവതരിപ്പിച്ചു. കുട്ടികളുടെ കലാപരിപാടിയും കുടുംബശ്രീ പ്രവർത്തകരുടെ തിരുവാതിര കളിയും ഉണ്ടായിരുന്നു. പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ നേർചിത്രമായി ഫോട്ടോ പ്രദർശനവും സംഘടിപ്പിച്ചിരുന്നു. ടി. ചന്ദ്രൻ നന്ദി പറഞ്ഞു.



ആര്യവൈദ്യശാലാ എക്സിക്യൂട്ടീവ് റിക്രിയേഷൻ ക്ലബിന്റെ നേതൃത്വത്തിൽ കോട്ടക്കൽ ജി.എം.യു.പി സ്കൂളിൽ സംഘടിപ്പിച്ച 'പുനർന്നവ' പരിപാടിയിൽ നിന്ന്

## 'പുനർന്നവ': ഔഷധസസ്യവിതരണവും പരിസ്ഥിതി ബോധവൽക്കരണ ക്ലാസും നടത്തി

കോട്ടക്കൽ: കോട്ടക്കൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ആര്യവൈദ്യശാലാ എക്സിക്യൂട്ടീവ് റിക്രിയേഷൻ ക്ലബിന്റെ നേതൃത്വത്തിൽ കോട്ടക്കൽ ജി.എം.യു.പി സ്കൂളിൽ 'പുനർന്നവ' എന്ന പേരിൽ ഔഷധസസ്യവിതരണവും പരിസ്ഥിതി ബോധവൽക്കരണ ക്ലാസും നടത്തി. ക്ലബ് പ്രസിഡന്റ് ഡോ.പി.ആർ രമേഷ് ഉദ്ഘാടനം നിർവ്വഹിച്ചു. സെക്രട്ടറി എൻ.മനോജ് അധ്യക്ഷത വഹിച്ചു. ആര്യവൈദ്യശാലാ സീനിയർ മാനേജർ എസ്റ്റേറ്റ് ടി.കെ.സാബു ബോധവൽക്കരണ ക്ലാസ് എടുത്തു. പി.ടി.എ പ്രസിഡന്റ് മുസ്തഫ പരവക്കൽ, സലീം മാസ്റ്റർ, വിനോദ് നാരായണൻ, പി.വേണുഗോപാലൻ, ഡോ. തുഷാരാ.യു.മേനോൻ, ഡോ.വി. ഗോപാലകൃഷ്ണൻ, എം.ടി. രാമകൃഷ്ണൻ, ഡോ.ബി.ദിനേശ്, ഡോ.ഹാരിസ് ചോലക്കൽ എന്നിവർ സംസാരിച്ചു. ജി.എം.യു.പി സ്കൂൾ പ്രിൻസിപ്പാൾ പ്രഹ്ളാദ് കുമാർ സാഗതവുംശ്രീലത ടീച്ചർ നന്ദിയും പറഞ്ഞു.

## ദേശീയ ബാലതരംഗം 'ടാലന്റ് ഡേ' 10ന്

കോഴിക്കോട്: ദേശീയ ബാലതരംഗം കോഴിക്കോട് ജില്ലാ കമ്മിറ്റി ജൂൺ 10ന് നടത്തുന്ന 'ടാലന്റ് ഡേ' പ്രോഗ്രാമിൽ പത്താം ക്ലാസ്, പ്ലസ്ടു, സി.ബി.എസ്.ഇ, സിവിൽ സർവീസ് പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ അനുമോദിക്കുന്നു. അർഹരായവർ 7356882777 വാട്സാപ്പ് നമ്പറിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8893855333 എന്ന നമ്പറിൽ ബന്ധപ്പെടണം.



അത്തോളി കൊങ്ങന്നൂർ എ.എൽ.പി സ്കൂളിൽ അജീഷ് അത്തോളി കുടിവെള്ള മൺപാത്രം സമർപ്പിക്കുന്നു. പ്രധാന അധ്യാപകൻ ഷാജി എൻ.ബൽറാം, പി.ടി.എ പ്രസിഡന്റ് കെ.രോഷിനി എന്നിവർ സമീപം

## പൂർവ വിദ്യാർഥി കൊങ്ങന്നൂർ എ.എൽ.പി സ്കൂളിന് കുടിവെള്ള മൺപാത്രം സമർപ്പിച്ചു

അത്തോളി: ലോക പരിസ്ഥിതി ദിനത്തിൽ സ്കൂളിന് പൂർവ വിദ്യാർഥി പരിസ്ഥിതി സൗഹൃദ കുടിവെള്ള സംഭരണ മൺപാത്രം സമർപ്പിച്ചത് ശ്രദ്ധേയമായി. അത്തോളി കൊങ്ങന്നൂർ എ.എൽ. പി സ്കൂളിലാണ് മാധ്യമ പ്രവർകനായ അജീഷ് അത്തോളി പരിസ്ഥിതി ദിനാചരണ പരിപാടിയുടെ ഭാഗമായി മൺപാത്രം സമർപ്പിച്ചത്.

പി.ടി.എ പ്രസിഡന്റ് കെ.രോഷിനി അധ്യക്ഷത വഹിച്ചു. സ്കൂളിൽ നടന്ന എൽ.കെ.ജി പ്രവേശനോത്സവം അജീഷ് അത്തോളി ഉദ്ഘാടനം ചെയ്തു. സ്കൂൾ കാലഘട്ടത്തിലെ നല്ല അനുഭവങ്ങൾ എക്കാലവും പ്രചോദനമാകുമെന്ന് അദ്ദേഹം പറഞ്ഞു. വൃക്ഷത്തൈ വിതരണം അധ്യാപിക സുധ ഇടവലത്ത് നിർവഹിച്ചു. പ്രധാന അധ്യാപകൻ ഷാജി എൻ.ബൽറാം , ഇ. സാറ, പി.ജെ സിജി എന്നിവർ സംസാരിച്ചു.

# ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ – ഓപറേറ്റീവ് സൊസൈറ്റി പരിസ്ഥിതി ദിനാചരണം നടത്തി

കോഴിക്കോട്: ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപറേറ്റീവ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ നിർമ്മാണസൈറ്റുകളിലും സൊസൈറ്റിയാസ്ഥാനത്തും പരിസ്ഥിതിദിന പരിപാടികൾ സംഘടിപ്പിച്ചു. 'പ്ലാസ്റ്റിക്ക് മലിനീകരണത്തെ പരാജയപ്പെടുത്തുക' എന്ന ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതിദിന മുദ്രാവാക്യം മുൻനിർത്തിയായിരുന്നു പരിപാടികൾ. സംഘത്തിന്റെ വിവിധ സൈറ്റുകളിലും പ്രൊജകറ്റുകളിലുമായി നടന്ന പരിപാടികളിൽ 3000–ത്തോളം വിവിധതരം വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ചു. ജില്ലയിൽ വിവിധ പരിപാടികൾ നടന്നു. സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് കോർപ്പറേഷനിൽ നഗരസഭയുടെ സഹകരണത്തോടെ 'ഏഴഴകിലേയ്ക്കെന്റെ കോഴിക്കോട്' പദ്ധതിയിൽ സൗത്ത് ബീച്ച് (54ആം വാർഡ് ചാമുണ്ഡിവളപ്പിൽ നദീനഗർ-ബീച്ച്) ജനകീയശുചീകരണം നടത്തി. ഡെപ്യൂട്ടി മേയർ മുസഫർ അഹമ്മദ് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഹെഡ് എൻജിനീയർ രാഗിത്, ലീഡർ രജീഷ് എന്നിവർ ശുചികരണത്തിനു നേതൃത്വം നൽകി.ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപറേറ്റീവ് സൊസൈറ്റിയുടെ തോട്ടുമുക്കത്തുള്ള ബിൽഡിങ് സ്റ്റോൺ ക്വാറി ആൻഡ് ക്രഷർ യൂണിറ്റ് തോട്ടുമുക്കം ഗവ. യുപി സ്കൂളുമായി ചേർന്ന് 500 വൃക്ഷത്തൈകൾ നട്ടു. കൊടിയത്തൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ഷംലൂലത്ത് ഉദ്ഘാടനം ചെയ്തു. സൈറ്റ് ലീഡർ പി.കെ ഷാജിത്ത്, സബ് ലീഡർ അനീഷ്, സൈറ്റ് മാനേജർ ഗോകുൽ രാജ്, മൈൻസ് മാനേജർ മുഹമ്മദ് ബഷീർ, സീനിയർ എൻവയൺമെന്റൽ ഓഫീസർ ബി. രാജേഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ വിദ്യാർഥികളും തൊഴിലാളികളും പങ്കുചേർന്നു.



ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഊരാളുങ്കൽ സൊസൈറ്റിയുടെ ആസ്ഥാനത്ത് ചെയർമാൻ രമേശൻ പാലേരി വൃക്ഷത്തൈ നടുന്നു

ഊരാളുങ്കൽ സൊസൈറ്റിയുടെ പ്രൊജക്ടായ ഓർക്കാട്ടേരി സി.എച്ച്.സിയുടെ നിർമ്മാണസൈറ്റിൽ വൃക്ഷത്തൈകൾ നട്ടു. സൈറ്റ് ലീഡർ ഷിജു, സീനിയർ പ്രൊജക്ട് എൻജിനീയർ ടെൽമ, ഷെർമിന എന്നിവർ ചേർന്ന് വൃക്ഷത്തൈ നട്ട് പരിപാടി ഉദ്ഘാടനം ചെയ്തു. കവുങ്ങ്, വിവിധയിനം മാവുകൾ, നെല്ലി, ആര്യവേപ്പ് എന്നിവയാണു നട്ടത്. സൈറ്റ് എൻജിനീയർ അശ്വിൻ, മെഷർമെന്റ് എൻജിനീയർ നിധിൻ, സൈറ്റ് ക്ലർക്ക് ഷാഹുൽ, മുതിർന്ന എ ക്ലാസ് മെമ്പർ രാജൻ എന്നിവരുടെ നേതൃത്വത്തിൽ സൈറ്റിലെ തൊഴിലാളികൾ പങ്കെടുത്തു. സൊസൈറ്റിയുടെ വടകര നഗരസഭ സൈറ്റിൽ പരിസ്ഥിതിദിനാചരണപരിപാടി നടത്തി. ക്ലസ്റ്റർ ഓഫ് വർക്ക് ലെവൻ റോഡ്സ്-വടകര മുനിസിപ്പാലിറ്റി, കരിമ്പനത്തോട് സൈഡ് പ്രൊട്ടക്ഷൻവാൾ എന്നീ പ്രൊജക്റ്റുകൾ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി വൃക്ഷ തൈകൾ നടലിന്റെ ഉദ്ഘാടനം വടകര മുനിസിപ്പൽ വൈസ് ചെയർമാൻ സജീവൻ നിർവഹിച്ചു. ഡയരക്ടർ സി.വത്സന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ സൈറ്റ് ലീഡർ വി.പി. ഗിരീശൻ, ഷിബിൻ.പി, എൻജിനീയർമാരായ സിദിൽ, സനിൽ, നിധിൻ.കെ, നിധിൻലാൽ എന്നിവരും തൊഴിലാളികളും പരിപാടിയുടെ ഭാഗമായി.കണ്ടോത്ത് താഴെ അങ്കണവാടി അറക്കൽ ക്ഷേത്രം ഫുട്പാത്ത് സൈറ്റിലെ വൃക്ഷത്തൈ നടൽ ഹെഡ് എൻജിനീയർ സുജിത്ത്, സൈറ്റ് ലീഡർ പ്രതീഷ്, സബ് എൻജിനീയർ ഷിനൂപ്, ആദർശ് എന്നിവർ സംയുക്തമായി ഉദ്ഘാടനം ചെയ്തു. സൈറ്റിലെ മുഴുവൻ തൊഴിലാളികളും ദിനാചരണപരിപാടിയുടെ ഭാഗമായി.

തെന്നിലാപുരം പാലം, കോവൂർ കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ സൈറ്റുകളിലും ആഘോഷം നടന്നു.ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഊരാളുങ്കൽ സൊസൈറ്റിയുടെ ആസ്ഥാനത്തും ഫലവൃക്ഷത്തൈകൾ നട്ടു. സംഘം ചെയർമാൻ രമേശൻ പാലേരി ഉദ്ഘാടനം ചെയ്ത പരിപാടിക്ക് മാനേജിങ് ഡയരക്ടർ എസ്. ഷാജു, ജനറൽ മാനേജർ അഡ്മിൻ കെ. പി. ഷാബു, മുൻ ഡയരക്ടർ എം. കെ. ദാമു എന്നിവർ നേതൃത്വം നൽകി. സംഘം ജീവനക്കാരും പങ്കെടുത്തു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.